# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1814 — 11-02-2013-ൽ മറുപടിക്ക്

<u>പഞ്ചായത്ത് വകുപ്പിൽ തസ്തികകൾ</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | | **ശ്രീ. എം.കെ. മുനീർ,** പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| എ) പഞ്ചായത്ത് വകുപ്പിൽ അസി. എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും ഇതര ജീവനക്കാരുടെയും തസ്തികകൾ നികത്തുവാൻ, എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ടാം ഗ്രേഡ് ഓവർസിയർ എന്നിവരുടെ ഒഴിവുകൾ പി.എസ്.സി വഴി നികത്തിവരുന്നുണ്ട്. ഒന്നാം ഗ്രേഡ് ഓവർസിയർ, മൂന്നാം ഗ്രേഡ് ഓവർസിയർ എന്നിവരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സേഞ്ച് വഴി നിയമിക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർമാർ ഇല്ലാത്ത പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ കരാർ വ്യവസ്ഥയിൽ താല്ക്കാലികമായി നിയമിക്കുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ട്. |
| ബി) കൂടുതൽ തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശ്യമുണ്ടോ;<br>സി) പുതുതായി സൃഷ്ടിക്കുന്ന തസ്തികകളിൽ നിയമനം പൂർത്തീകരിക്കുവാൻ എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കാമോ? | ബി) & സി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ